കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 -1393 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി -07.12.2018

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി4-1393/18 തീയതി -07.12.2018

## കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2017മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സജി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.07.2018മുതൽ 12.07.2018. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മഞ്ജുള സാഗർ | അസ്സിസ്റ്റന്റ് |

| | | |
|---|---|---|
| | | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീല.എ | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.സുനീഷ് കുമാർ.എസ്സ് | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.സുനീഷ് കുമാർ.എസ്സ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിജയകുമാർ.എസ്സ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷെറിൻ മുള്ളർ | 01.04.2017 മുതൽ 11.11.2017 വരെ |
| | ശ്രീമതി.സീന | 12.11.2017 മുതൽ 05.01.2017 വരെ |
| | ശ്രീ.നവാസ്.ഡി | 06.01.2018 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.എം.ബിന്ദു | 01.04.2017 മുതൽ 10.10.2017 വരെ |

| | | |
|---|---|---|
| | ഡോ.മിനി.വി.അർ | 11.10.2017 മുതൽ 31.03.2018 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. രാധാകൃഷ്ണൻ.വി | 01.04.2017 മുതൽ 08.11.2017 വരെ |
| | ശ്രീമതി.ലക്ഷ്മി മോഹൻലാൽ (അഡീഷണൽ ചാർജ്) | 09.11.2017 മുതൽ 11.01.2018 വരെ |
| | ശ്രീ.പ്രവീൺ പി.കൃഷ്ണൻ | 12.01.2018 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിജു.എസ്സ് | 01.04.2017 മുതൽ 31.03.2018 വരെ |
| സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. ഷൈനു.എസ്സ്.പ്രഭ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്സ് . സൂപ്പർവൈസർ | ശ്രീമതി.സുഷമ്മ.കെ | 01.04.2017 മുതൽ 30.07.2017 വരെ |
| | ശ്രീമതി.ഷീല | 31.07.2017 മുതൽ 18.08.2017 വരെ |
| | ശ്രീമതി.ഗിരിജാദേവി.ആർ | 19.08.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.പി.ജെ.ഉണ്ണികൃഷ്ണൻ | 01.04.2017 മുതൽ 15.11.2017 വരെ |
| | ശ്രീ. വരദരാജൻ | 16.11.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി.സന്ധ്യ | 16.11.2017 മുതൽ31.03.2018 വരെ |
| മെഡിക്കൽ | ഡോ.നിഷ. പി.ഹരി | 01.04.2017 മുതൽ |

| | | |
|---|---|---|
| ഓഫീസർ, പി.എച്ച്.സി | | 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.വിജയാംബിക | 01.04.2017 മുതൽ 01.06.2017വരെ |
| | ശ്രീമതി.പ്രമീള.കെ.വി | 02.06.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.അനിത.ഒ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | ഉപയോഗിക്കാത്ത രസീത്ബുക്ക് നിർവഹണോദ്യോഗസ്ഥൻ കൈവശം സൂക്ഷിച്ചിരിക്കുന്നു | 2-1 |
| 14 | ഇ.എം.എസ്സ് ഭവന പദ്ധതി ലോൺ -തിരിച്ചടച്ച തുക ഗവൺമെന്റ് അക്കൗണ്ടിൽ ഒടുക്കിയില്ല. | 2-2 |
| 15 | പദ്ധതികൾ നടപ്പിലായില്ല. സ്പെഷ്യൽ ടി.എസ്സ്.ബി ജോയിന്റ് വെൻചവർ അക്കൗണ്ടിൽ 16,04,070/-രൂപ ബാക്കി നിൽക്കുന്നു. | 2-3 |
| 16 | വേക്കൻസി റെമിഷൻ -വസ്തു നികുതി കൃത്യമായി ഈടാക്കിയില്ല | 2-4 |
| 17 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-5 |
| 18 | ഡി.ആന്റ് ഒ ലൈസൻസ്-അപാകതകൾ | 2-6 |
| 19 | തൊഴിൽ നികുതി-അപാകതകൾ | 2-7 |
| 20 | രജിസ്റ്റ്രേഷൻ ഫീസ് ഈടാക്കുന്നില്ല | 2-8 |

| | | |
|---|---|---|
| | ഭാഗം -3 | |
| 21 | അളവിലധികം ടാർ കരാറുകാർക്ക് അനുവദിച്ചു-നഷ്ടം-26,268/-രൂപ-ടാർ ബാരലിന്റെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-2,142/-രൂപ | 3-1 |
| 22 | ടാർ വാങ്ങിയതിൽ ക്രമക്കേട്, തനതുഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച തുക തിരിച്ചടയ്ക്കണം. | 3-2 |
| 23 | ചാത്തിനാംകുളം സബ്സെന്റർ-മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താതെ പ്രവർത്തനം ആരംഭിച്ചു | 3-3 |
| 24 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് സബ്സിഡി നൽകി, 4,500/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-4 |
| 25 | എസ്.സി.പി പദ്ധതി-ധനസഹായം കൈപ്പറ്റിയ വ്യക്തിയുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 3-5 |
| 26 | പദ്ധതി മാർഗ്ഗരേഖാനിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃവിഹിതം നൽകി | 3-6 |
| 27 | എ.ബി.സി പദ്ധതി - നിർവ്വഹണത്തിലെ പോരായ്മകൾ | 3-7 |
| 28 | ദേശീയ തൊഴിലുറപ്പ് പദ്ധതി - | 3-8 |

| | | |
|---|---|---|
| | അവലോകനം | |
| 29 | കറണ്ട് ചാർജ്ജ് അധികം നൽകി | 3-9 |
| 30 | പോസ്റ്റ് ഷിഫ്റ്റിംഗ്- പണി നടത്തിയില്ല | 3-10 |
| 31 | കുടുംബശ്രീ അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു. | 3-11 |
| 32 | ഡേറ്റാ എൻട്രിക്ക് വേണ്ടി ഉത്തരവില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു. | 3-12 |
| 33 | ചെക്ക് റീവാലിഡേറ്റ് ചെയ്യാതെ കയ്യിൽ സൂക്ഷിച്ചു. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് റീവാലിഡേറ്റ് ചെയ്തു | 3-13 |
| 34 | പാടശേഖരസമിതിയുടെ ട്രാക്ടറിന്റെ ഇൻഷുറൻസ് തനതു ഫണ്ടിൽ നിന്നും ഒടുക്കി | 3-14 |
| 35 | പത്താംതരം തുല്യത-വിനിയോഗ സാക്ഷ്യപത്രവും മറ്റു രേഖകളും ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-15 |
| 36 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പ്രോജക്ടുകൾ- 3,57,400/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല | 3-16 |
| 37 | വിവിധ പദ്ധതികൾക്കായി 1,83,013/-രൂപയുടെ ആയുർവേദ | 3-17 |

| | | |
|---|---|---|
| | മരുന്നുകൾ ഇനിയും ലഭ്യമാക്കിയിട്ടില്ല | |
| 38 | ലാ ലിഗ സ്പോർട്ട്സ് പരിശീലന പരിപാടി - വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. | 3-18 |
| 39 | സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാനമാക്കി വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കിയില്ല. | 3-19 |
| 40 | ബഡ്സ് സ്കൂൾ വേതനം അധികം നൽകി | 3-20 |
| 41 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- തുക നൽകിയെങ്കിലും പണി പൂർത്തീകരിച്ചില്ല. | 3-21 |
| 42 | ഡി.ആന്റ്.ഓ ലൈൻസൻസ് ഫീസ് തിരികെ നൽകി | 3-22 |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-23 |
| | ഭാഗം -4 | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 51 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 54 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 55 | അനുബന്ധം -II, | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27-3-17 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | തീയതി | തീയതി |
|---|---|---|---|
| 31.07.2018 | 02.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018, 14.06.2018 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1563 /18,തീയതി 03.09.2018 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 98,33,549/-രൂപ

വരവ് - 5,93,90,809/-രൂപ

ആകെ - 6,92,24,358/-രൂപ

ചെലവ് - 6,40,05,183/-രൂപ

നീക്കിയിരിപ്പ്- 52,19,175/-രൂപ

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,53,42,751 | 1,53,42,751 | 1,44,99,940 | 1,34,281 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 55,95,007 | 55,95,007 | 45,62,713 | 10,32,294 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 72,60,955 | 72,60,955 | 72,60,906 | 49 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 17,74,612 | 17,74,612 | 12,17,631 | 5,56,981 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 90,91,851 | 90,91,851 | 76,62,054 | 14,29,797 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 35,55,045 | 35,55,045 | 31,36,508 | 4,18,537 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 2,460 | 91 | 2,551 | 30 | 2,521 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴി ലാളികളുടെ കൂലി | 0 | 58,73,401 | 58,73,401 | 58,73,401 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2,755 | 8,76,557 | 8,79,312 | 8,73,865 | 5,447 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി.എസ് | | 13,09,965 | 13,90,850 | 27,00,815 | 9,62,528 | 17,38,287 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6,90,000 | 2,61,248 | 29,51,298 | 17,47,228 | 1604070 |
| | ജില്ലാ പഞ്ചായത്ത് | 0 | 4,48,500 | 4,48,500 | 4,48,500 | 0 |
| ബി ഫണ്ട് | | | 4,11,89,700 | 4,11,89,700 | 4,11,89,700 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 90,03,000 | 90,03,000 | 5,76,825 | 84,26,175 |
| തനത് | ബാങ്ക് അക്കൗണ്ട് | 42,33,078 | 26,65,480 | 68,98,558 | 35,05,247 | 3,39,331 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | ട്രഷറി അക്കൗണ്ട് | 47,97,013 | 51,79,716 | 99,76,729 | 99,14,136 | 62,593 |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 37790564 | 122 | 37122121 | 43 | 36 | 61% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2,755 | 5,15,441 | 5,18,196 | 5,12,749 | 5,447 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 53,64,778 | 53,64,778 | 53,64,778 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 93,000 | 162 |
| കർഷകതൊഴിലാളി പെൻഷൻ | 10,97,300 | 97 |
| വിധവാപെൻഷൻ | 1,35,50,500 | 1,214 |
| വാർദ്ധക്യകാലപെൻഷൻ | 2,17,50,200 | 374 |
| വികലാംഗപെൻഷൻ | 44,60,200 | 377 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,08,500 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2018-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,767/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യക്തമായ ജോലി വിഭജന ഉത്തരവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും

ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡി.ഡി യായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട്ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗികബുദ്ധിമുട്ട് നേരിടുന്നുണ്ട്. വസ്തു നികുതി , ഡി.ആന്റ് ഒ ലൈസൻസ് ഫീസ് , തൊഴിൽ നികുതി , സ്ഥാപനങ്ങളുടേ രജിസ്ട്രേഷൻ ഫീസ് എന്നിവ കൃത്യമായി പിരിക്കുന്നതിൽ ചുമതലപ്പെട്ടവർ വീഴ്ച വരുത്തി. ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി കൃഷി ഓഫീസർ കൈപ്പറ്റിയ രസീത് ബുക്കുകളിൽ ഉപയോഗിക്കാത്തവ തിരികെ ഏൽപ്പിക്കാതെ കൈവശം വച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ച ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്.

ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ ക്യാഷ് ബുക്ക് TR7A രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.06.2018 | ജൂൺ 2018 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ | 16.09.2006 | 10/2000 മുതൽ | 06.11.2006 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 03/2006 വരെ | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.കെട്ടിട നികുതി - 2016-17 വർഷ എ.എഫ്.എസ് പ്രകാരം കുടിശ്ശിക സർവ്വീസ് സെസ്സ് ഡിമാന്റ് തുകയല്ല തൻവർഷ ഡിമാന്റായി കണക്കാക്കിയിട്ടുള്ളത്.

| ഇനം | 2016-17 എ.എഫ്.എസ് പ്രകാരം കുടിശ്ശിക ഡിമാന്റ് | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് |
|---|---|---|
| 1) കെട്ടിട നികുതി (റസിഡന്റ് )<br>(നോൺ - റസിഡൻഷ്യൽ) | 42,274<br>----- | 30923<br>21198 |
| 2) സർവ്വീസ് സെസ്സ് (റസിഡന്റ് ), (നോൺ - റസിഡൻഷ്യൽ) | 7,986<br>---- | 5014<br>3451 |

ഈ ഇനങ്ങളിലെ എഎഫ്എസ്, ഡിമാന്റ്, അഡ്വാൻസ് കളക്ഷൻ ഇവ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

2) ഇ.എം.എസ്. ലോൺ അക്കൗണ്ട് നം. 130031000800431, ജില്ലാ സഹകരണ ബാങ്ക്, അഞ്ചാലുംമൂട് ബ്രാഞ്ചിൽ 63,483/-രൂപ ശേഷിക്കുന്നു. ഈ തുക എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല.

3)ബി-11- ഷെഡ്യൂളിൽ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ - പബ്ലിക് ലൈറ്റിംഗ് എന്ന വിഭാഗത്തിൽ തൻവർഷം ഡിപ്രിസീയേഷൻ കണക്കാക്കിയിട്ടില്ല.

4)സുനാമി അക്കൗണ്ടിന്റെ പലിശ വരവ് 2,811/-രൂപ. ആയതിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കാതെ 320100299എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് വരവ് വച്ചിട്ടുള്ളത്.

5) 320700101 എന്ന ഹെഡിൽ വരവു വച്ചിട്ടുള്ള 5,50,000/-രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിനത്തിലുള്ള വരവാണ്. ആയത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി കണക്കാക്കിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഉപയോഗിക്കാത്ത രസീത്ബുക്ക് നിർവഹണോദ്യോഗസ്ഥൻ കൈവശം സൂക്ഷിച്ചിരിക്കുന്നു

കൃഷി ഓഫീസർ , ഉപയോഗിക്കാത്ത രസീത്ബുക്ക് കൈവശം സൂക്ഷിച്ചിരിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ ഉപയോഗത്തിനായി നൽകിയ രസീത് ബുക്ക്നം 27839, 27837 എന്നീ രസീത് ബുക്കുകളാണ് ഉപയോഗിക്കാതെ കൈവശം സൂക്ഷിച്ചിരുന്നത്. 2016-17 വർഷം നൽകിയ രസീതു ബുക്കുകളിൽ ബാക്കിയുണ്ടായിരുന്നവ ഉപയോഗിച്ചാണ് 2017-18 ൽ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പിരിച്ചിരിക്കുന്നത്. ഇത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൻ നിർവഹണോദ്യോഗസ്ഥർക്ക് ഉപയോഗത്തിനായി നൽകിയ എല്ലാ രസീത് ബുക്കുകളും ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നൽകുകയും എല്ലാ രസീതു ബുക്കുകളും ഹാജരാക്കുകയും ചെയ്തു. കേരളപഞ്ചായത്ത് രാജ് അക്കൗണ്ട്ചട്ടങ്ങൾ83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളിലൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് പൂർണ്ണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രസീത്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിനാൽ കൃഷി ഓഫീസർ

ഉപയോഗിക്കാതെ തിരികെ നൽകിയ രസീത് ബുക്ക്നം 27839, 27837 എന്നിവ വീണ്ടും സ്റ്റോക്കിലെടുക്കുകയോ അല്ലാത്ത പക്ഷം എല്ലാ പേജുകളും ക്യാൻസൽ ചെയ്ത് ആയത് ദുരുപയോഗം ചെയ്യപ്പെടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ നിർവഹണോദ്യോഗസ്ഥരും സാമ്പത്തികവർഷം അവസാനിക്കുമ്പോൾ തന്നെ രസീത്ബുക്കുകൾ പഞ്ചായത്തിൽ ഏൽപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-2/6.07.2018)

## 2-2 ഇ.എം.എസ്സ് ഭവന പദ്ധതി ലോൺ -തിരിച്ചടച്ച തുക ഗവൺമെന്റ് അക്കൗണ്ടിൽ ഒടുക്കിയില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ ജില്ലാസഹകരണബാങ്കിന്റെ അഞ്ചാലുംമൂട് ശാഖയിലുള്ള ഇ.എം.എസ്സ് ലോൺ അക്കൗണ്ടിൽ (അക്കൗണ്ട് നം 0300310000800431) 63,683/-രൂപ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക ബന്ധപ്പെട്ട ഗവൺമെന്റ് അക്കൗണ്ടിൽ തിരിച്ചടക്കാൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഇ.എം.എസ്സ് ലോൺ അക്കൗണ്ട് ക്ലോസ്സ് ചെയ്ത സാഹചര്യത്തിൽ ടി തുക ബന്ധപ്പെട്ട ഗവൺമെന്റ് അക്കൗണ്ടിൽ തിരിച്ചടച്ച് ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-3 പദ്ധതികൾ നടപ്പിലായില്ല. സ്പെഷ്യൽ ടി.എസ്സ്.ബി ജോയിന്റ് വെൻചർ അക്കൗണ്ടിൽ 1604070രൂപ ബാക്കി നിൽക്കുന്നു.

സംയുക്ത പ്രോജക്ടുകൾക്കായുള്ള തുക നിക്ഷേപിക്കാനായി ആരംഭിച്ച സ്പെഷ്യൽ ടി.എസ്സ്.ബി അക്കൗണ്ടിൽ (അക്കൗണ്ട് നം 799011400000935) മുൻ വർഷത്തെ ബാക്കി 6,00,000/-രൂപ ഉൾപ്പെടെ 16,04,070/-രൂപ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. ജില്ലാപഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും പദ്ധതിവിഹിതമായി വരവു വന്ന ഈ തുക സംയുക്ത പ്രോജക്ടുകളുടെ ധനവിനിയോഗം സംബന്ധിച്ച 23.01.2017ലെ ജി.ഒ.പി.നം 7/17/ധന

ഉത്തരവിലെ ഖ.3,5,6 എന്നിവപ്രകാരമുള്ള നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. ടി തുകകൾ കൂടി വിഹിതമായി വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടുകൾ 2018-19ൽ സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടില്ലാത്ത പക്ഷം അക്കൗണ്ടിൽ ശേഷിച്ച മുഴുവൻ തുകയും സഞ്ചിതനിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 2-4 വേക്കൻസി റെമിഷൻ -വസ്തു നികുതി കൃത്യമായി ഈടാക്കിയില്ല

ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ 11-9-2017 തീയതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം ഒന്നാം അർദ്ധവർഷത്തേക്ക് 36 പേർക്ക് ആണ് വസ്തു നികുതിയിൽ വേക്കൻസി റെമിഷൻ അനുവദിച്ചിരിക്കുന്നത്. എന്നാൽ 1-3-2018 തീയതിയിലെ 3-3 നമ്പർ തീരുമാനപ്രകാരം 30 പേർക്കാണ് രണ്ടാംഅർദ്ധവർഷത്തേക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിരിക്കുന്നത്. ബാക്കിയുള്ള ആറു പേരുടെ നികുതിയുടെ ഒടുക്കു വിവരങ്ങൾ പരിശോധിച്ചപ്പോൾ തുക കുറച്ചാണ് ഒടുക്കു വരുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | പേര് | വേക്കൻസി റെമിഷൻ അനുവദിച്ചിരുന്ന കാലയളവിൽ ഈടാക്കേണ്ടിയിരുന്ന അർദ്ധ വാർഷിക നികുതി | വേക്കൻസി റെമിഷൻ അനുവദിക്കാതിരുന്ന കാലയളവിൽ ഈടാക്കേണ്ടിയിരുന്ന അർദ്ധ വാർഷിക നികുതി | ആകെ നികുതി | ഈടാക്കിയ നികുതി | കുറവ് വന്നതുക |
|---|---|---|---|---|---|---|
| I-262 | മുബാറക്ക്, എം.എം. ലേഡീസ് ഹോസ്റ്റൽ | 355 | 709 | 1,064 | 832 | 232 |
| I-263 | മുബാറക്ക്, എം.എം. ലേഡീസ് ഹോസ്റ്റൽ | 355 | 709 | 1,064 | 832 | 232 |
| I-264 | മുബാറക്ക്, എം.എം. ലേഡീസ് ഹോസ്റ്റൽ | 355 | 709 | 1,064 | 832 | 232 |
| XI/92 | റജില വാഴങ്ങൽ വീട് | 189 | 378 | 567 | 213 | 354 |

ആകെ 1,050/- രൂപ നഷ്ടം വന്നിരിക്കുന്നു.ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് സഞ്ചയ സോഫ്റ്റ് വെയറിൽ വന്ന വ്യത്യാസമാണെന്നും ആയത് പരിഹരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -5/10-7-18

വരവിനത്തിലുള്ള നഷ്ടം- 1,050/-രൂപ

## 2-5 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം

വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ ലഭിച്ച 28,070/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി.ആന്റ് ഒ ലൈസൻസ്-അപാകതകൾ

1. ഡി.ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ഡി.ആന്റ് ലൈസൻസ് എടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യയമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. അയത്തിൽ ട്രേഡേഴ്സ്, താന്നിക്കമുക്ക്

2. ജി.എസ്സ്.സ്റ്റോഴ്സ്, താന്നിക്കമുക്ക്

3. D.V ബ്രിക്സ് ആന്റ് ടൈൽസ്, ചാത്തിനാംകുളം

2.മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ഥാപനങ്ങൾക്ക് ഡി.ആന്റ് ഒ ലൈസൻസ് അനുവദിച്ചു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾ , സിമന്റ്കട്ട കമ്പനികൾ , എന്നിവ ഡി ആന്റ് ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | സ്ഥാപന ഉടമയുടെ പേരും മേൽവിലാസവും | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| XI | ഭദ്രൻ,<br>ഭദ്രവിലാസം,<br>കണ്ടച്ചിറ | തടിമിൽ | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| XI | അബ്ദുൾ മജീദ്,<br>പണ്ടകശാല ,<br>കണ്ടച്ചിറ | തടിമിൽ | 29HP |
| X | ഫാത്തിമുത്ത്,<br>പണ്ടകശാല<br>അൻവർ ഹൗസ്,<br>കണ്ടച്ചിറ | തടിമിൽ | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| VII | ബഷീർ,<br>താഹിറ മൻസിൽ,<br>ചാത്തിനാംകുളം | തടിമിൽ | 40HP |
| VII | ഹാഷിം,<br>ചരുവിള<br>പുത്തൻവിള വീട്,<br>ചാത്തിനാംകുളം | തടിമിൽ | 5HP |
| VII | അബ്ദുൾകലാം,<br>റൂബിനാ മൻസിൽ,<br>ചാത്തിനാംകുളം | തടിമിൽ | 33HP |
| VII | അബ്ദുൾ സലാം,<br>സ്വാലിഹ മൻസിൻ,<br>തേമ്പ്രവയൽ | ഫർണീച്ചർ നിർമ്മാണം | 1HP |
| VII | അബ്ദുൾ അസ്സീസ്,<br>എസ്സ്.ബി.ബ്രിക്ക്സ്, | സിമന്റ്കട്ട നിർമ്മാണം | 30HP |

| | | | |
|---|---|---|---|
| | മാതേപള്ളിൽ വീട്, കുഴിയം | | |
| VIII | നസീമബീവി, മാതേപള്ളിൽ വീട്, കുഴിയം | തടിമിൽ | 30HP |
| VII | കെ.ബാബുപിള്ള, താമരയ്ക്കാട് വീട്, പാമ്പാലിൽ | തടിമിൽ | 35HP |
| IX | രവീന്ദ്രൻ പിള്ള, പാരിപ്പള്ളിൽ പുത്തൻ വീട്, ചാത്തിനാംകുളം | ഫർണീച്ചർ നിർമ്മാണം | 5HP |
| VIII | വിനോദ്കുമാർ.വി, വിനോദ് ഭവനം, ചാത്തിനാംകുളം | തടിമിൽ | 2HP |
| VIII | വിജയകുമാർ, കിഴക്കിടത്ത് തെക്കതിൽ, ചാത്തിനാംകുളം | തടിമിൽ | 2HP |

ആവശ്യമായ രേഖകളുടെ അഭാവത്തിലും ഡി.ആന്റ് ഒ ലൈസൻസ് അനുവദിച്ചതിന്റെ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽമാത്രം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും , ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം 7/11.07.18)

## 2-7 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ | I |
| സെക്രട്ടറി, മിൽക്ക് കോപ്പറേറ്റീവ് സൊസൈറ്റി | II |
| പെരിനാട് റയിൽവേ സ്റ്റേഷൻ | I,II |

സ്ഥാപന നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ നികുതി ഈടാക്കിയില്ല

1. നീതി മെഡിക്കൽ സ്റ്റോർ

2. മാവേലിസ്റ്റോർ,പനയം

3. ബി.എസ്സ്.എൻ.എൽ,പെരിനാട്

4.സെന്റ് ബൊറോമിയോ കോൺവെന്റ് സ്കൂൾ,ചിറ്റയം

5.പണയിൽ ഫൈനാൻസിയേഴ്സ്

ടി സ്ഥാനങ്ങളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തൊഴിൽനികുതിയും സ്ഥാപന നികുതിയും ഈടാക്കി , രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-8 രജിസ്റ്റ്രേഷൻ ഫീസ് ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നില്ല. വരും വർഷങ്ങളിൽ ആയവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 7/11.07.2018

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അളവിലധികം ടാർ കരാറുകാർക്ക് അനുവദിച്ചു-നഷ്ടം-26,268/-രൂപ-ടാർ ബാരലിന്റെ വില ഈടാക്കിയതിൽ കുറവ്- നഷ്ടം-2,142/-രൂപ

2017-18 -ൽ നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന ടാർ വാങ്ങി നൽകിയിട്ടുള്ളത്.

1)പ്രോജക്ട് നം.65/18 കണ്ണങ്കരെഴുത്ത് മാർത്തോമ്മാ പള്ളി റോഡ് മെറ്റലിംഗ് ; റീടാറിംഗ്

2)പ്രോജക്ട് നം.68/18 –കാളചെമ്പിൽ ജെ.കെ.ജംക്ഷൻ കൊച്ചകോയിക്കവിള റോഡ്

3)പ്രോജക്ട് നം. 52/18 – താന്നിക്കമുക്ക് മാർക്കറ്റ് ട്രാൻസ്ഫോർമർ ജം പാവൂർ റോഡ് റീടാറിംഗ്

4)പ്രോജക്ട് നം. 62/18- ബി.എസ്.എൻ.എൽ.കളരിവിള റോഡ് ടാറിംഗ്

മേൽ പ്രവൃത്തികൾക്ക് ആവശ്യമായതിൽ കൂടുതൽ ടാർ കരാറുകാർക്ക് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം ബുക്ക് പ്രകാരം ആവശ്യമായ ടാർ (കി.ഗ്രാമിൽ) | | | അനുവദിച്ചത്(കി.ഗ്രാമിൽ) | | | അധികം നൽകിയത്(കി.ഗ്രാമിൽ) | | |
|---|---|---|---|---|---|---|---|---|---|---|
| | | BS 65 | RS1 | SS1 | BS 65 | RS1 | SS1 | BS 65 | RS1 | SS1 |
| 1. | പ്രോജക്ട് നം.65/18 കണ്ണങ്കരെഴുത്ത് മാർത്തോമ്മാ പള്ളി റോഡ് | 955.72 | 124.56 | 385 | 1618 (10 ബാരൽ) | 200(1 ബാരൽ) | 363(2 ബാരൽ) | 662.28 | 75.44 | - |
| 2. | പ്രോജക്ട് നം.68/18 –കാളചെമ്പിൽ ജെ.കെ.ജംക്ഷൻ കൊച്ചകോയിക്കവിള റോഡ് | 3337.28 | 329.29 | - | 3559.6(22 ബാരൽ) | 200(1 ബാരൽ) | - | 222.32 | (-)129/29 | - |
| 3. | പ്രോജക്ട് നം.52/18 – താന്നിക്കമുക്ക് മാർക്കറ്റ് ട്രാൻസ്ഫോർമർ ജം.പാവൂർ | 2789.02 | 254.34 | - | 2912 (18 ബാരൽ) | 400(2 ബാരൽ) | - | 122.98 | 145.66 | - |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | | | | | | | | | |
| 4. | പ്രോജക്ട്നം. 62/18-ബി.എസ്.എൻ.എൽ.കളരിവിള റോഡ് ടാറിംഗ് | 482.97 | 62.95 | - | 647.2(4 ബാരൽ) | 200(1 ബാരൽ) | - | 164.23 | 137.05 | - |

മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയ കരാറുകാരുടെ ബില്ലിൽ നിന്നും ടാറിന്റെ വില ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ ബിൽ നം./ തീയതി/ എം.ബുക്ക് നം- കരാറുകാരൻ | ഈടാക്കിയ തുക | | | ഈടാക്കേണ്ട തുക (ടാറിന്റെ വാങ്ങൽ വിലയും, വാഹനക്കൂലിയും ചേർത്ത്) | | | നഷ്ടം (രൂപ) | | |
|---|---|---|---|---|---|---|---|---|---|---|
| | | BS 65 | RS1 | SS1 | BS 65 | RS1 | SS1 | BS 65 | RS1 | SS1 |
| 1. | പ്രോജക്ട് നം.65/18 കണ്ണങ്കരെഴത്ത് മാർത്തോമ്മാ പള്ളി റോഡ്-37/17-18 തീ.22.01.18 എം.ബുക്ക് നം. 32/18 ശ്രീ.അനിൽകുമാർ എൻ. | 38,723.48 (971 കി. *39.88 രൂപ നിരക്കിൽ) | 8,340 (200 കി. *41.70 രൂപ നിരക്കിൽ) | 23,008 (363കി. *63.38 രൂപ നിരക്കിൽ) | 57,147.76 (1618 കി. *35.32 രൂപ നിരക്കിൽ) | 7,080 (200 കി. *35.40 രൂപ നിരക്കിൽ) | 24,00 8 (363 കി. *66.13 രൂപ നിരക്കിൽ) | 18,424.28 | (-)1,260 | 1,000 |
| 2. | പ്രോജക്ട് നം.68/18 –കാളചെമ്പിൽ ജെ.കെ.ജംക്ഷൻ കൊച്ചകോയിക്കവിള റോഡ് ബിൽ നം.48/18 തീ.26.02.18 എം.ബുക്ക് നം. 46/18 ശ്രീ.ദിലീപ്കുമാർ | 1,33,120(3338 കി.*39.88 രൂപ നിരക്കിൽ) | 13,761 (330 കി. *41.70 രൂപ നിരക്കിൽ) | - | 1,25,725.07 (3559.6 കി. *35.40 രൂപ നിരക്കിൽ | 7,080 (200 കി. *35.40 രൂപ നിരക്കിൽ) | - | (-)7,394.93 | (-)6,681 | - |
| 3. | പ്രോജക്ട് നം.52/18 – താന്നിക്കമുക്ക് മാർക്കറ്റ് ട്രാൻസ്ഫോർമർ ജം.പാവൂർ റോഡ് ബിൽ നം. | 1,11,226 (2789.02 കി. *39.88 രൂപ നിരക്കിൽ) | 10,603 (254.25 കി. *41.70 രൂപ നിരക്കിൽ) | - | 10,3084.80 (2912 കി .*35.40 രൂപ നിരക്കിൽ) | 14,160 (400 കി. *35.40 രൂപ നിർക്കിൽ) | - | (-)8,141.20 | 3,557 | - |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 13/17-18<br>എം.ബുക്ക് നം<br>.6/17-18<br>ശ്രീ.കബീർക്കുട്ടി | | | | | | | | | |
| 4. | പ്രോജക്റ്റ്നം.<br>62/18- ബി.എസ്.<br>എൻ.എൽ.കളരിവിള<br>റോഡ് ടാറിംഗ്<br>ബിൽ നം.<br>55/18 തീ.<br>28.02.18<br>എം.ബുക്ക് നം.49/18<br>ശ്രീ.പ്രദീപ് കുമാർ | 19,261<br>(482.97 കി.<br>*39.88 രൂപ<br>നിരക്കിൽ) | 2,625<br>(62.95 കി<br>*41.70<br>രൂപ<br>നിരക്കിൽ) | - | 22,910.88<br>(647.2 കി.<br>*35.40<br>രൂപ<br>നിരക്കിൽ | 7,080<br>(200കി<br>.*35.40<br>രൂപ<br>നിരക്കിൽ) | - | 3,649 | 4,455 | - |

## നഷ്ടത്തിന്റെ സംക്ഷിപ്തം

## ടാർ അധികം അനുവദിച്ചതിലെ നഷ്ടം

1. പ്രോജക്റ്റ് നം.65/18 കണ്ണങ്കരെഴുത്ത് മാർത്തോമ്മാ പള്ളി റോഡ് - 18,164/-രൂപ

2)പ്രോജക്റ്റ് നം.62/18- ബി.എസ്.എൻ.എൽ.കളരിവിള റോഡ് ടാറിംഗ്- 8,104/-രൂപ

ആകെ-26,268/-രൂപ

## കാലി ബാരലിന്റെ വില കുറവായി ഈടാക്കിയതിലെ നഷ്ടം

| ക്രമ നം | പ്രോജക്റ്റ് വിവരം | കരാറുകാരന് നൽകിയ ബാരലിന്റെ എണ്ണം | ബില്ലിൽ കുറച്ച ബാരലിന്റെ എണ്ണം | കുറവ് | ഈടാക്കാൻ അവശേഷിക്കുന്ന തുക(രൂപ) |
|---|---|---|---|---|---|
| 1. | പ്രോജക്റ്റ് നം.65/18 കണ്ണങ്കരെഴുത്ത് മാർത്തോമ്മാ പള്ളി റോഡ് | 13 | 9 | 4 | 952/-(238 രൂപ *4) |
| 2. | പ്രോജക്റ്റ് നം.68/18 –കാളചെമ്പിൽ ജെ.കെ.ജംക്ഷൻ കൊച്ചകോയിക്കവിള റോഡ് | 23 | 23 | - | - |
| 3. | പ്രോജക്റ്റ് നം.52/18 –താന്നിക്കമുക്ക് മാർക്കറ്റ് ട്രാൻസ്ഫോർമർ ജം പാവൂർ റോഡ് | 20 | 17 | 3 | 714/-രൂപ (238 രൂപ*3) |
| 4. | പ്രോജക്റ്റ്നം.62/18- ബി.എസ്.എൻ.എൽ.കളരിവിള റോഡ് ടാറിംഗ് | 5 | 3 | 2 | 476/-രൂപ(238 രൂപ *2 ) |
| | | | | ആകെ തുക | 2,142/-രൂപ |

മേൽ പ്രവൃത്തികളിൽ ക്രമ നം 1,3,4 എന്നിവയ്ക്ക് ആവശ്യമായതിലധികം ടാറും (BS 65), ക്രമ നം.2 ൽ കുറവായി ടാറും( RS1) അനുവദിച്ചതിനാൽ പ്രവൃത്തികൾ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിൽ നിർവ്വഹിക്കപ്പെട്ടുവെന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

വാങ്ങിയ ടാറിന്റെ സ്റ്റോക്ക്, വിതരണ വിശദാംശങ്ങൾ , കരാറുകാരുടെ കൈപ്പറ്റ് ചീട്ടുകൾ എന്നിവ സൂക്ഷിക്കാത്തതിനും മേൽ തിട്ടപ്പെടുത്തിയ നഷ്ടത്തിന് വിശദീകരണം നൽകുന്നതിനും എൽ.എസ്.ജി.ഡി.എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.നഷ്ടമായി തിട്ടപ്പെടുത്തിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (9 /12.07.2018)

## 3-2 ടാർ വാങ്ങിയതിൽ ക്രമക്കേട്, തനതുഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച തുക തിരിച്ചടയ്ക്കണം.

ബിറ്റുമിൻ വാങ്ങാനായി 17-3-2017 തീയതിയിൽ 303164/-രൂപ വിവിധ പദ്ധതികൾക്ക് വേണ്ടി വകയിരുത്തിയിരുന്ന വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ഒടുക്കിയിരുന്നു. എന്നാൽ ബിറ്റുമിൻ വാങ്ങിയ ബിൽ പരിശോധിച്ചപ്പോൾ ആകെ 3,58,552/-രൂപയ്ക്കാണ് ടാർ വാങ്ങിയിരിക്കുന്നത്. അധികമായി നൽകിയ 55,388/-രൂപ അസിസ്റ്റന്റ് എഞ്ചിനീയർ ബന്ധപ്പെട്ട പദ്ധതിയിൽ നിന്ന് പിൻവലിച്ച് തനതുഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. തുക തനതു ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.
ലഭ്യമായിരിക്കുന്ന ടാറിന്റെ സ്റ്റോക്ക് പരിശോധിച്ചപ്പോൾ 2,283/- യുടെ ടാർ കുറവാണ് ലഭ്യമായിരിക്കുന്നത്. ലഭ്യമാകാത്ത ടാർ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങുകയോ ചെയ്യേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരമറിയിക്കുന്നതുവരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 14/12-7-2018

തടസ്സപ്പെടുത്തിയ തുക -57671/-(55388+2283)

## 3-3 ചാത്തിനാംകുളം സബ്സെന്റർ-മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താതെ പ്രവർത്തനം ആരംഭിച്ചു

2017-18 സാമ്പത്തിക വർഷത്തിൽ 1,99,189/-രൂപ (പ്രോജക്ട് നം.75/18- വികസന ഫണ്ട്) ചെലവഴിച്ച് നിർമ്മിച്ച സബ് സെന്റർ കെട്ടിടം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ പ്രവർത്തനം ആരംഭിച്ചു. 11.07.2018 –ന് ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി എൻജിനീയർ , ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ട കുറവുകൾ ചുവടെ രേഖപ്പെടുത്തുന്നു.

കുത്തനെയുള്ള ഇറക്കമുള്ള വഴിയോരത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലേയ്ക്ക് രോഗികൾക്ക് ആയാസരഹിതമായി പ്രവേശിക്കുന്നതിന് മാർഗ്ഗമില്ല.കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നിവ ഇല്ല. രോഗികളുടെ സ്വകാര്യത ഉറപ്പാക്കി പരിശോധിക്കുന്നതിന് സംവിധാനമില്ല. പൊതുകുളത്തിന്റെ അരികിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ ഇല്ല. അതിനാൽ കെട്ടിടത്തിന്റെ പിന്നിൽ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിട്ടുണ്ട്. ഇവിടെയ്ക്കുള്ള പ്രവേശനം ഗേറ്റ് /ഗ്രിൽ സ്ഥാപിച്ച് തടയേണ്ടതായുണ്ട്.

സബ്സെന്ററിന്റെ മുകളിൽ 55-ാം നം.അംഗൻവാടി പ്രവർത്തിക്കുന്നു. പ്രവർത്തനം തുടങ്ങി വർഷങ്ങളായെങ്കിലും കുടിവെള്ള സംവിധാനം ഇല്ല. കെട്ടിടത്തിന്റെ മുറ്റത്ത് മഴവെള്ളം കെട്ടികിടക്കുന്നത് കുട്ടികൾക്ക് അപകടം വരുത്തുന്നതിനും പുതിയ കെട്ടിടത്തിൽ ഈർപ്പം പിടിയ്ക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് ആസ്തികൾ നിർമ്മിക്കുമ്പോൾ മേഖലയുടെ പ്രാധാന്യം ഉൾക്കൊണ്ട് വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാതെയും വേണ്ടത്ര മുന്നൊരുക്കങ്ങൾ എടുക്കാതെയുമിരിക്കുന്നത് ധനനഷ്ടത്തിനു മാത്രമെ വഴിയൊരുക്കൂ.

സബ്സെന്ററിന്റെയും അംഗൻവാടിയുടെയും അപര്യാപ്തതകൾ

പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ, ക്ഷേമ , വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾ , ഭരണ സമിതി എന്നിവരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു. എടുക്കുന്ന നടപടി സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.



*(ചെങ്കുത്തായ സ്ഥലത്തുള്ള സബ് സെന്റർ)*



*(മഴവെള്ളം കെട്ടികിടക്കുന്ന അംഗൻവാടിമുറ്റം)*

**3-4** <u>ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് സബ്സിഡി നൽകി, **4,500/-**രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.</u>

പദ്ധതി - എസ്.0023/18- പോത്തുകുട്ടി വളർത്തൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

വികസനഫണ്ടിൽ നിന്നും 2,07,000/-രൂപയും

ഗുണഭോക്തൃവിഹിതമായി 2,07,000/-രൂപയും ഉൾപ്പെടെ ആകെ 4,14,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ യൂണിറ്റ് കോസ്റ്റ് 9,000/- രൂപയായിരുന്നു. വികസനഫണ്ടിൽ നിന്നും 2,07,000/-രൂപയും (1.ബിൽ നം.7/17-18 ,85,500/-രൂപ , 2. ബിൽ നം.10/17-18 , 45,000/-രൂപ, ബിൽ നം.19/17-18, 76,500/-രൂപ )

ഗുണഭോക്തൃവിഹിതം 2,07,000/-രൂപയും ചെലവഴിച്ച് 46 ഗുണഭോക്താക്കൾക്ക് 46 പോത്തുകുട്ടികളെ നൽകിയ പദ്ധതിയിൽ സബ്സിഡി കൈപ്പറ്റിയ രാജേഷ് കുമാർ, ഐക്കരത്തുവടക്കതിൽ , വാർഡ് 1 എന്ന വ്യക്തിയുടെ പേര്അംഗീകൃത ഗുണഭോക്തൃലിസ്റ്റിലില്ല. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) ലഭ്യമാക്കിയ മറുപടിയിൽ രാജേഷ് കുമാർ, ഐക്കരത്തുവടക്കതിൽ , വാർഡ് 1 എന്നയാൾ 25/11/17 ലെ ഗ്രാമസഭാ തീരുമാനം പ്രകാരം ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ ഗ്രാമസഭാ ലിസ്റ്റിൽ ഉള്ള പേര് രാജീവ് എന്നാണ് .ഇവർ രണ്ടാളും ഒരേ വ്യക്തിയാണെന്ന് പരിശോധനാ വേളയിൽ വാർഡ് മെമ്പർ കത്ത് തന്നിട്ടുണ്ടെങ്കിലും ആയത് അംഗീകരിക്കാൻ കഴിയുന്നതല്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ശേഷമാണ് ഇദ്ദേഹത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയത്. ഇദ്ദേഹത്തിനു സബ്സിഡി നൽകിയ നടപടി സാധൂകരിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നുണ്ട്. എന്നാൽ ഒന്നാം വാർഡിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ശോഭന, ജെ.കമല എന്നിവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവർ ഗുണഭോക്തൃവിഹിതം ഒടുക്കണമെന്നാവശ്യപ്പെട്ട് അറിയിപ്പ് നൽകിയോ എന്ന് വ്യക്തമാക്കുന്ന രേഖകളും പരിശോധനയ്ക്ക് നൽകിയിട്ടില്ല. അർഹതാ മാനദണ്ഡപ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഇവരെ ഒഴിവാക്കി ലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് നൽകിയതിന്റെ കാരണം വ്യക്തമല്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാർഡ് മെമ്പറുടെ കത്തിൽ പറയുന്ന വാദം ശരിയാണെന്നു

തെളിയിക്കുന്ന സാക്ഷ്യപത്രം ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നും വാങ്ങി നൽകുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-5 എസ്.സി.പി പദ്ധതി- ധനസഹായം കൈപ്പറ്റിയ വ്യക്തിയുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

പദ്ധതി എസ്.0104/18- പോത്തുക്കുട്ടി വളർത്തൽ(എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

വികസനഫണ്ടിൽ നിന്നും 2,49,750/-രൂപയും ഗുണഭോക്തൃവിഹിതമായി 83,250/-രൂപയും ഉൾപ്പെടെ ആകെ 3,33,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ യൂണിറ്റ് കോസ്റ്റ് 9000/- രൂപയായിരുന്നു. വികസനഫണ്ടിൽ നിന്നും 2,49,750 /-രൂപയും(1.ബിൽ നം.5/17-18 ,54,000/-രൂപ , 2. ബിൽ നം.11/17-18 , 67,500/-രൂപ, ബിൽ നം.17/17-18, 1,28,250/-രൂപ )

ഗുണഭോക്തൃവിഹിതം 83,250/-രൂപയും ചെലവഴിച്ച് 10 ഗുണഭോക്താക്കൾക്ക് 10 പോത്തുകുട്ടികളെ നൽകിയ പദ്ധതിയിൽ സബ്സിഡി കൈപ്പറ്റിയ

നിശീഥിനി, നിവിൻ ഭവനം,വാർഡ് 1 എന്ന ഗുണഭോക്താവിൻെറ ഭർത്താവ് സുരേഷ്.ജി യുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റുമാണ് ഫയലിൽ ഉള്ളത്. ശ്രീമതി നിശീഥിനിയുടെ ജാതി തെളിയിക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) ലഭ്യമാക്കിയ മറുപടിയിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയത്. തുടർന്ന് ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-6 പദ്ധതി മാർഗ്ഗരേഖാനിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃവിഹിതം നൽകി

2017-18 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിർവ്വഹണം നടത്തിയ എസ്.0099/18 -ഭവനപുനരുദ്ധാരണം(എസ്.സി.പി)-

(അടങ്കൽ തുക- 16,00,000/-രൂപ ,വികസനഫണ്ട്,(scp)

ചെലവ്-12,00,000/-രൂപ, ബിൽ നം.1/17-18, 4,50,000/-രൂപ, 2/17-18, 1,50,000/-രൂപ, 9/17-18, 2,00,000/-രൂപ, 11/17-18, 2,50,000/-, 5/17-18, 1,50,000/-)

എന്ന പദ്ധതിയിൽ 12 ഗുണഭോക്താക്കൾക്ക് 1,00,000/-രൂപ വീതം സബ്സിഡി നൽകി, ഇതിൽ കരുണാകരൻ, മേലേതെക്കതിൽ , വാർഡ്-15 എന്ന വ്യക്തിയുടെ പത്നി ശ്രീമതി.മണിയമ്മയുടെ പേരിലാണ് രേഖകൾ പ്രകാരം വീടിൻെറ ഉടമസ്ഥാവകാശം . സർക്കാർ ഉത്തരവ്(എം.എസ്)നം.80/18 ,ക്രമ നമ്പർ 8.8, ഇനം 2 പ്രകാരം ഭാര്യയുടേയും ഭർത്താവിൻേറയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരിക്കണം തുക നൽകേണ്ടത്. എന്നാൽ തുക നൽകിയിരിക്കുന്നത്ശ്രീ.കരുണാകരൻെറ വ്യക്തിഗത അക്കൗണ്ടിലേക്കാണ്. (67197936149,എസ്.ബി.റ്റി,തൃക്കടവൂർ) . വീടിൻെറ പണി പൂർത്തിയാക്കിയതായി നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോണിട്ടറിംഗ് സമിതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. പദ്ധതി നിർവ്വഹണവേളയിൽ മാർഗ്ഗരേഖാമാനദണ്ഡങ്ങൾ ലംഘിക്കുന്ന ഇത്തരം പ്രവണതകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിൻമേൽ തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-7 എ.ബി.സി പദ്ധതി - നിർവ്വഹണത്തിലെ പോരായ്മകൾ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ അടങ്കൽ വകയിരുത്തി 2017-18 വർഷം നടപ്പാക്കിയ പദ്ധതിയാണ് നായ്ക്കളുടെ വന്ധ്യംകരണം-എസ്0021/18 . 1,27340/- രൂപ ചെലവഴിച്ച്(ബിൽ.നം.21/17-18,33,834/-,7/3/18,ബിൽ നം.22/17-18, 65,175/-,7/3/18) നടപ്പാക്കിയ പദ്ധതിയിൽ പുനക്കന്നൂർ സബ്സെൻററിൽ വെച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലെ 201 നായ്ക്കളെ വന്ധ്യകരണം നടത്തിയതായാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട നിർവ്വഹണത്തിലെ ചില പോരായ്മകൾ ചുവടെ പരാമർശിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 12 പ്രകാരം 2017-18 വർഷം നിർവ്വഹണം നടത്തിയത് എ.ബി.സിപദ്ധതി എ.ബി.സി (ഡോഗ്സ് ) റൂൾ ,2001 അടിസ്ഥാനമാക്കിയാണോ എന്നുള്ള രേഖാമൂലമുള്ള ഓഡിറ്റ് അന്വേഷണത്തിന് അപ്രകാരമാണെന്നായിരുന്നു എന്നാണ് മറുപടി നൽകിയത്. എന്നാൽ A.B.C (Dogs ) Rule 2001 പ്രകാരം ,

i) പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ഗ്രാമപഞ്ചായത്ത് പരിധിയിലെ നായ്ക്കളുടെ എണ്ണം കണക്കാക്കുന്നതിനായി സർവ്വേ നടത്തിയതിൻെറ വിവരങ്ങൾ

ii) ഓരോ പ്രദേശത്തുനിന്നും തെരുവ് നായ്ക്കളെ പിടിക്കുമ്പോൾ അവിടത്തെ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി public address system ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ

iii) എല്ലാ നായ്ക്കളേയും പെറ്റ് ഡോഗ്സ്, സ്ട്രീറ്റ് ഡോഗ്സ് എന്നിങ്ങനെ തരംതിരിച്ച് വളർത്തു നായ്ക്കളിലെ പ്രജനന നിയന്ത്രണം, രോഗപ്രതിരോധം, വന്ധ്യംകരണം എന്നിവയെക്കുറിച്ച് അവബോധം ഉണ്ടാക്കിയതിൻെറ വിശദാംശങ്ങൾ എന്നിവ പദ്ധതിയിൽ ആവിഷ്ക്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തതായി കാണുന്നില്ല.

ഇക്കാര്യങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതിയ്ക്ക് ഉദ്ദേശിച്ച ഫലപ്രാപ്തിയുണ്ടായോ എന്ന് വ്യക്തമല്ല. തുടർന്നുള്ള വർഷങ്ങളിൽ നിർദ്ദേശങ്ങളെല്ലാം പാലിച്ച് ഈ പദ്ധതി നടപ്പാക്കാൻ അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2017- 18 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 856 കുടുംബങ്ങൾക്കായി 21, 738 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ ഇല്ല. ആകെ 53,67,000/-രൂപയുടെ

ചെലവ് ഭൂവികസനം, പി.എം.എ.വൈ ഭവന നിർമ്മാണ പ്രവർത്തികൾക്കാണ് മുഖ്യമായും വിനിയോഗിച്ചത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

2.പ്രവൃത്തികൾ നടപ്പിലാക്കിയ ഭൂമിയിൽ നിലവിലുള്ള വീട് ഉൾപ്പെടെയുള്ള സ്ഥിരം നിർമ്മിതികൾ/വൃക്ഷങ്ങൾ എന്നിവ കഴിച്ചുള്ള കൃഷി യോഗ്യമായ ഭൂമിയുടെ അളവ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ഇല്ല.

3.ഭൂവുടമസ്ഥത തെളിയിക്കുന്ന കരം അടച്ച രസീതുകൾ എല്ലാം സൂക്ഷിക്കുന്നില്ല.

4.പ്രവൃത്തികൾ നിർവ്വഹിച്ചതിനുശേഷം മേറ്റുമാർ ഹാജരാക്കുന്ന പ്രവൃത്തി അളവു പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5.പി.എം.എ.വൈ വീട് നിർമ്മാണപ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഇല്ല.

6.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

7.ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

8.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

9.പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ , പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

10.പരാതി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

ചുരുക്കത്തിൽ ലക്ഷങ്ങൾ ചെലവുചെയ്യുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് പാലിക്കേണ്ട പ്രധാന നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പദ്ധതി നിർവഹണം ചെയ്യുന്നത്. ഈ വിഷയത്തിലേക്ക് മേലധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-9 കറണ്ട് ചാർജ്ജ് അധികം നൽകി

തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഒടുക്കു വരുത്തുന്നതിന്റെ ഭാഗമായി 10-8-2017 തീയതിയിലെ 51700294നമ്പർ വൗച്ചർ പ്രകാരം 93,379/-രൂപ ഒടുക്കിയിരിക്കുന്നു. ആയതിൽ 82,084/-രൂപ ജൂലൈ മാസത്തെ കറണ്ട് ചാർജ്ജ് ആയും 11,295/-രൂപ മെയ് മാസത്തെ കുടിശ്ശിക ആയും ആണ് ഒടുക്കിയിരിക്കുന്നത്. 18-4-2017ൽ നിലവിൽ വന്ന താരിഫ് വർദ്ധനയ്ക്കനുസരിച്ച് 14-6-2017 തീയതിയിലെ 51700150നമ്പർ വൗച്ചർ പ്രകാരം മെയ് മാസത്തെ കറന്റ് ചാർജായി 82,084/- രൂപ ഒടുക്കിയിട്ടുണ്ട്. താരിഫ് വർദ്ധന അനുസരിച്ച് മെയ് മാസം ഒടുക്കേണ്ട മുഴുവൻതുകയും ഒടുക്കിയ ശേഷം വീണ്ടും കുടിശ്ശികയിനത്തിൽ 11,295/- രൂപ ഒടുക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ തുകയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 14/12-7-2018

നിരാകരിച്ച തുക 11295/-

## 3-10 പോസ്റ്റ് ഷിഫ്റ്റിംഗ്- പണി നടത്തിയില്ല

പനയം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗിനായി കാഞ്ഞിരം കുഴി അസിസ്റ്റന്റ് എഞ്ചിനീയർക്ക് 18-4-17 തീയതിയിലെ 51700042 നമ്പർ വൗച്ചർ പ്രകാരം 14,856/-രൂപ തനതുഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു. ആയതിന് പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 14,856/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്ന വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 കുടുംബശ്രീ അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു.

ആശ്രയ പദ്ധതിയ്ക്കായി ലഭിച്ച തുകകൾ കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. 2017-18 സാമ്പത്തിക വർഷം 4,94,090/- രൂപയാണ് ലഭിച്ചത് . ആയതിൽ ഭക്ഷണത്തിനു വേണ്ടി അനുവദിച്ചിരുന്ന തുക മുഴുവൻ ചെലവാക്കി. എന്നാൽ മരുന്നിനു വേണ്ടി നാളിതുവരെ തുക ഒന്നും ചെലവായിട്ടില്ല . പ്രസ്തുത തുകയും ആയതിന്റെ പലിശയും ഉൾപ്പെടെ 4,41,218/- രൂപ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. ആയത് അർഹരായ ആളുകളെ കണ്ടെത്തി ചെലവാക്കേണ്ടതാണ്.

## 3-12 ഡേറ്റാ എൻട്രിക്ക് വേണ്ടി ഉത്തരവില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരംതനതുഫണ്ടിൽ നിന്നും ഡേറ്റാ എൻട്രിക്ക് ദിവസവേതനാടിസ്ഥാനത്തിൽ തുക നൽകിയിരിക്കുന്നു. പ്രതിദിനം 675/- രൂപ നിരക്കിൽ ആണ് തുക നൽകിയിരിക്കുന്നത്.

| വൗച്ചർ നമ്പർ | തീയതി | തുക | കൈപ്പറ്റിയ ആൾ |
|---|---|---|---|
| 21700006/ 3-4-2017 | 25-3-17, 27-3-17, 28-3-17 | 2025 | സുജിത |
| 21700051/ 24-4-17 | 6-3-17 മുതൽ 31-3-17വരെ | 12825 | അഞ്ജു |
| 51700155/ 14-6-17 | മേയ് മാസം 10ദിവസം ജ്യൂൺ മാസം 8ദിവസം | 12780 | സുജിത |
| 51700337/ 29-8-17 | തീയതി ലഭ്യമല്ല | 15620 | സുജിത |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്മറുപടിയായി ജോലി കൂടുതൽ ആയതുകൊണ്ടാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇത് അംഗീകരിക്കാൻ കഴിയില്ല. ആവശ്യമായ ഉത്തരവ് ലഭ്യമാക്കുകയോ തുക തിരിച്ചടച്ച് വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 14/12.07.2018

## 3-13 ചെക്ക് റീവാലിഡേറ്റ് ചെയ്യാതെ കയ്യിൽ സൂക്ഷിച്ചു. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് റീവാലിഡേറ്റ് ചെയ്തു

4-1-2018 തീയതിയിലെ 441826 നമ്പർ ചെക്ക് പ്രകാരം 1,525/-രൂപ വിവിധ അങ്കണവാടികളുടെ കറണ്ട് ചാർജ്ജായി ഒടുക്കിയ തുക വിവിധ വർക്കർമാർ ഒടുക്കിയ തുക ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് മടക്കി നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 51700616/4-1-18) എന്നാൽ പ്രസ്തുത തുക നാളിതുവരെ ബാങ്കിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടില്ല. ടി ചെക്ക് റീവാലിഡേറ്റ് ചെയ്ത് നൽകിയതിന്റെ വിശദാംശങ്ങൾ

ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/12-7-18) മറുപടിയായി “12-7-18 തീയതിയിൽ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ടി ചെക്ക് റീവാലിഡേറ്റ് ചെയ്തു” എന്നറിയിച്ചിട്ടുണ്ട്. ആറു മാസത്തോളം ചെക്ക് മാറാതെ കയ്യിൽ വച്ച നിർവഹണോദ്യോഗസ്ഥയുടെ നടപടി അംഗീകരി- ക്കാവുന്നതല്ല. ആയതിന് നിർവഹണോദ്യോഗസ്ഥയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 <u>പാടശേഖരസമിതിയുടെ ട്രാക്ടറിന്റെ ഇൻഷ്വറൻസ് തനതു ഫണ്ടിൽ നിന്നും ഒടുക്കി</u>

പനയം കൃഷിഭവന്റെ അധീനതയിലുള്ള ട്രാക്ടറിന്റെ (KL02 AE 3875) ഇൻഷ്വറൻസ് എന്ന പേരിൽ 4,452/-രൂപ (വൗച്ചർ നമ്പർ 51700161/17-6-17) ഓറിയന്റൽ ഇൻഷ്വറൻസ് കമ്പിനിക്ക് ഒടുക്കവരുത്തിയിരിക്കുന്നു. എന്നാൽ നിലവിൽ ടി ട്രാക്ടർ കോയിക്കൽ പാടശേഖരസമിതിയ്ക്ക് കൈമാറിയിരിക്കുകയാണ്. പരിപാലനവും തുടർനടപടികളും നടത്തേണ്ടത് പാടശേഖരസമിതിയാണെന്നിരിക്കെയാണ് തനതുഫണ്ടിൽ നിന്നും തുക നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടി തുകയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

<u>നിരാകരണം – 4452/-രൂപ</u>

<u>എൻക്വയറി നമ്പർ – 14/12.07.18</u>

## 3-15 <u>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പ്രോജക്ടുകൾ- 3,57,400/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല</u>

വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം. : 27/18-പാലിയേറ്റിവ് കെയർ യൂണിറ്റ്

അടങ്കൽ : 7,00,000/-രൂപ (1,25,000/- ബ്ലോക്ക് വിഹിതം + 5,75,000/-വികസന ഫണ്ട്)

കെ.എം.സി.എൽ -ന് നൽകിയ തുക : 4,02,306 /- രൂപ (ബിൽ നം.1/17-18 തീ. 19.10.2017,ബിൽ നം.5/17-18 തീ.26.03.18,ട്രെഷറി ചെക്ക് നം.2932315/14.03.18)

രസീത് നം.1821/19.10.17

ടി പ്രൊജക്ടിൽ 2,14,196/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

2.പ്രോജക്ട് നം. : 28/18- പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,50,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

കെ.എം.സി.എൽ -ന് നൽകിയ തുക : 1,50,000 /- രൂപ (ബിൽ നം.2/17-18 തീ. 19.10.2017)

രസീത് നം.1823/19.10.17

ടി പ്രോജക്ടിൽ 1,12,027/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

3.പ്രോജക്ട് നം. : 120/18- ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി

അടങ്കൽ : 2,08,000/- (വികസന ഫണ്ട്)

കെ.എം.സി.എൽ -ന് നൽകിയ തുക : 1,82,000 /- (ബിൽ നം.4/17-18 തീ. 26.12.2017)

രസീത് നം.3457/17.1.18

ടി പ്രോജക്ടിൽ 31,177/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

മൂന്ന് പ്രോജക്ടുകളിലായി ആകെ 3,57,400/-രൂപയുടെ (2,14,196+1,12027+31,177) മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-16 പത്താംതരം തുല്യത-വിനിയോഗ സാക്ഷ്യപത്രവും മറ്റു രേഖകളും ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ് , നിർവ്വഹണം നടത്തിയ പത്താംതരം തുല്യത- എന്ന പദ്ധതിയിൽ (എസ്.0042/18) ജനറൽ വിഭാഗത്തിൽ നിന്നും 26 പഠിതാക്കൾക്കായി കോഴ്സ് ഫീ ഇനത്തിൽ 1750/-രൂപയും ഫോറം വിലയായി 100/- രൂപയും ഉൾപ്പെടെ ആകെ 48,100/- രൂപയും (26 x 1850/- =48,100/-), എസ്.സി വിഭാഗത്തിൽപ്പെട്ട പഠിതാക്കൾക്കായി ഫോറം വിലയായി 100/- രൂപയും ഉൾപ്പെടെ ആകെ 600/-രൂപയും (6x100=600) ചേർത്ത് 48,700/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച്. (ബിൽ നം. 1/17-18, തീയതി-5/3/18) കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി, ഡയറക്ടർ പേർക്ക് നൽകിയിട്ടുണ്ട്. പഠന സഹായിക്കുള്ള തുക ഉൾപ്പെടെയാണ് കോഴ്സ് ഫീ നൽകിയത്. 6 എസ്.സി വിഭാഗം പഠിതാക്കളിൽ രതീഷ് രവീന്ദ്രൻ , രഞ്ചു ഭവനം എന്ന പഠിതാവിൻെറ കമ്മ്യൂണിറ്റിസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. എല്ലാ പഠിതാക്കൾക്കുമായി പഠനസഹായി ലഭ്യമായതിൻെറയും വിതരണം ചെയ്തതിൻെറയും രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇവയുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 48,700/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 വിവിധ പദ്ധതികൾക്കായി 1,83,013/-രൂപയുടെ ആയുർവേദ മരുന്നുകൾ ഇനിയും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണ ഉദ്യോഗസ്ഥയായി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ചുവടെ ചേർക്കുംപ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

എ. ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ് നമ്പർ :29/17-18)

മെയിൻ്റനൻസ് ഫണ്ട് (റോഡിതരം) ഇനത്തിൽ 2,60,105/-രൂപയും

തനത് ഫണ്ട് ഇനത്തിൽ 1,39,895/-രൂപയും ഉൾപ്പെടെ ആകെ 4,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 4,00,000/-രൂപ (രസീത് നം.747/1067-07.10.17,748/1068-18.10.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 15,130/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കിയിട്ടില്ല.

ബി. വൃദ്ധജന രോഗ പ്രതിരോധ ചികിത്സാ പദ്ധതി (പ്രോജക്ട് നമ്പർ.31/17-18)

വികസന ഫണ്ട്(ജനറൽ) ഇനത്തിൽ 2,79,850/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 2,79,850/- രൂപ (രസീത് നം.748/1069-07.10.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 17,883/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കിയിട്ടില്ല.

സി. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നമ്പർ.30/17-18)

മെയിന്റനൻസ് ഫണ്ട്(റോഡിതരം) ഇനത്തിൽ 1,50,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോപ്പറേറ്റീവ് ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 1,50,000/-രൂപ (രസീത് നം.4567/07.03.18) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

1,83,013/- രൂപയുടെ (15,130 +17,883 + 1,50,000) മരുന്നുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-18 ലാ ലിഗ സ്പോർട്ട്സ് പരിശീലന പരിപാടി - വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ നൂതന പ്രോജക്ട് ആയ ലാ ലിഗ സ്പോർട്ട്സ് പരിശീലന പരിപാടി (പ്രോജക്ട് നമ്പർ 201/18)

നിർവഹണഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ 1,70,000/-രൂപ

ചെലവ്..20,000/-രൂപ (ബിൽ നമ്പർ 47/24-3-2017), (വികസനഫണ്ട് പൊതുവിഭാഗം)

ടി പദ്ധതി പ്രകാരം 2,000/- രൂപയുടെ വീതം പത്ത് സ്പോർട്ട്സ് കിറ്റ് വാങ്ങി പത്തു ക്ലബുകൾക്ക് നൽകാനായി ആണ് തുക ചെലവഴിച്ചത്. എന്നാൽ അഞ്ച് ക്ലബുകൾക്ക് മാത്രമേ സാധനങ്ങൾ നൽകിയുള്ളു. ബാക്കി സാധനങ്ങൾ സ്റ്റോർറൂമിൽ സൂക്ഷിച്ചിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/12-7-2018) മറുപടിയായി രജിസ്ട്രേഷൻ ഉള്ള ക്ലബുകൾ ഇല്ലാത്തതിനാൽ ആണ്സ്പോർട്ട്സ് കിറ്റ് നൽകാൻ കഴിയാതെ പോയതെന്നും ആയത് ഉടൻ ലഭ്യമാക്കി വിതരണം ചെയ്യുന്നതായിരിക്കും എന്നും ആണ് അറിയിച്ചിരിക്കുന്നത്. രജിസ്റ്റേഡ് യുവജനക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുവാനാണ് ജി.ഒ.എം.എസ്സ് 80/17 ത.സ്വ.ഭ.വ തീ.03.04.2017 ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശം നൽകിയിരിക്കുന്നത്. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ അപേക്ഷ, ഏകോപനസമിതി കൂടിയാലോചന മുതലായ മേൽസൂചന ഉത്തരവിലെ 32-10 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 10,000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരണം – 10000/-രൂപ

## 3-19 സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാനമാക്കി വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കിയില്ല.

ക്ഷേമകാര്യസ്റ്റാന്റിങ് കമ്മിറ്റിയുടെ കീഴിൽ ദാരിദ്ര്യലഘൂകരണം, വനിതാവികസനം, സാമൂഹ്യനീതി, പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ സാമൂഹ്യനീതി, ദാരിദ്രലഘൂകരണം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഒറ്റത്തവണ മാത്രമേ യോഗം കൂടിയിട്ടുള്ളു. പഞ്ചായത്തിന്റെ അധീനതയിൽ 'ബഡ്സ് സ്കൂൾ' പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കൂടുതൽ തവണ യോഗം കൂടുകയും

പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ട വിഭാഗമാണ് സാമൂഹ്യ നീതി . ഈ മേഖലയിൽ ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം- 34/18 ), ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾ (പ്രോജക്ട് നം- 35/18,86/18) എന്നീ പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ വിഭാവനം ചെയ്തിരുന്നത്. ഇവയിൽ പ്രോജക്ട് നം- 86/18 നടപ്പിലായിട്ടില്ല. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സ് രജിസ്റ്ററിൽ 25.02.2017, 17.03.2017 എന്നീ തീയതികളിൽ യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലുംമിനിട്ട്സ് എഴുതി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പേജുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ആയതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

2016-17 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പ്രവർത്തനം ഏറ്റെടുക്കാൻ നിർദ്ദേശമുണ്ടായിരുന്നു.വികസനരേഖയിലും ബി.ആർ.സി കുട്ടികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ ,കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിനായി പരിശീലകരെ നിയമിക്കുക, അതിനാവശ്യമായ തുക വകയിരുത്തുക എന്നീ പദ്ധതികൾ വിഭാവനം ചെയ്തിരുന്നു.എന്നാൽ കരട് പദ്ധതിരേഖയിൽ ടി പദ്ധതികൾ ഉൾപ്പെട്ടുവന്നില്ല. തുടർവർഷങ്ങളിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിന് സഹായകമാകുന്ന ടി പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതാണ്.

ജി.ഒ (എം.എസ്സ്) 72/2017,തസ്വഭവ തീ.29.03.2017 പ്രകാരം പ്രോജക്ട് നടപ്പിലാക്കിയതിനു ശേഷം ,വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറണം. ഈ നിബന്ധന പാലിച്ചിട്ടില്ല. ആയതിനാൽ പദ്ധതി വിശകലനവും അവയുടെ വിജയ പരാജയ കാരണങ്ങളും വിലയിരുത്താൻ പഞ്ചായത്ത് ഭരണ സമിതിയ്ക്ക് സാധിച്ചിട്ടില്ല.
തുടർ വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ സക്രീയമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ബഡ്സ് സ്കൂൾ വേതനം അധികം നൽകി

പനയം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലെ അധ്യാപികയായ ശ്രീമതി. രജിതയുടെ വേതന തരണവുമായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും എല്ലാ മാസവും അഞ്ച് പ്രവൃത്തി ദിവസം വീതം ആബ്സന്റ് ആണ് എന്നു കണ്ടു . രേഖകൾ പരിശോധിച്ചതിൽ ടിയാൾ സ്പെഷ്യൽ സ്കൂൾ ടീച്ചർ ട്രെയിനിംഗിന് പോയതുമായി ബന്ധപ്പെട്ട അവധികൾ ആണ് എന്നാണ് അറിയാൻ കഴിഞ്ഞത് .7-5-2016 തീയതിയിലെ രണ്ടാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം ടിയാൾക്ക് സ്വന്തം ചെലവിൽ പോകാൻ അനുമതി നൽകിയിരിക്കെ കരാർ ജീവനക്കാരിയായ ശ്രീമതി.രജിതയ്ക്ക് ഹാജരല്ലാത്ത ദിവസങ്ങളിലെ ശമ്പളം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ടിയിനത്തിൽ വിവിധ ബില്ല് പ്രകാരം (4/19-9-17, 8/16-12-17) ഐ.സി.ഡി.എസ്. സൂപ്പർവൈസർ പിൻവലിച്ച് നൽകിയ ശമ്പളത്തിൽ പ്രതിമാസം 1,250/- രൂപാ നിരക്കിൽ 15,000/-രൂപ അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുക തിരികെ അടവാക്കി വിവരം അറിയിക്കാം എന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 8/11-7-18

നിരാകരിച്ച ചെലവ് – 15000/-രൂപ

## 3-21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-തുക നൽകിയെങ്കിലും പണി പൂർത്തീകരിച്ചില്ല.

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോജക്ട് നമ്പർ 13/18)എന്ന പ്രോജക്ടിനായി താഴെ പറയും പ്രകാരം തുക പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക(രൂപ) |
|---|---|

| | |
|---|---|
| 11/25-9-2017 | 3,80,000/- |
| 31/30-1-2018 | 10,00,000/- |
| 32/27-2-2018 | 10,00,000/- |
| 40/9-3-2018 | 6,17,750/- |

ആകെ ചെലവ് - 29,97,750/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

25-9-2017ലെ ബിൽ നമ്പർ 11 പ്രകാരമുള്ള 3,80,000/-രൂപ എ. കെ. ജി ക്ലബ് മുതൽ കായൽവാരം വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയ്ക്കായി ആണ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം , ഫൈനൽ ബിൽ എന്നിവ നൽകിയിട്ടില്ല. ഇതരബില്ലുകൾ പ്രകാരം നിക്ഷേപിച്ച 26,17,750/-രൂപ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടുന്നതിലേക്കായി വാട്ടർ അതോറിറ്റി സമർപ്പിച്ച 45,31,000/- രൂപയുടെ എസ്റ്റിമേറ്റുകളെ ആധാരമാക്കിയാണ് നൽകിയിരിക്കുന്നത്. എന്നാൽ നൽകിയ തുക ഉപയോഗിച്ച് എതൊക്കെ വാർഡിൽ എത്ര മീറ്റർ ദൂരം പ്രവൃത്തി ചെയ്യാമെന്നും ആയതിനനുസരിച്ച് എത്രപ്രവൃത്തി ചെയ്തു എന്നും തെളിയിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.
അക്രഡിറ്റഡ് എജൻസികൾ മുഖേന തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ നിർവഹണം നടത്തുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 8% തുക സെന്റേജ് ചാർജ്ജായിനൽകാമെന്ന് ജി.ഓ.(പി) 311/14/ഫിൻ, തീയതി 30-7-2014 ഉത്തരവ് വ്യക്തമാക്കിയിരിക്കെ 12.5% തുകയാണ് സെന്റേജ് ചാർജ്ജായിനൽകിയിരിക്കുന്നത്. മേൽ സൂചന അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/12-7-18ന് മറുപടിയായി, നൽകിയ തുകയ്ക്കനുസരിച്ച് പണി നടക്കുന്നുണ്ട് എന്നും എല്ലാ വാർഡിലും മുന്നൂറ് മീറ്റർ വീതം ആണ് പ്രവൃത്തി നടക്കേണ്ടതെന്നും പണി പൂർത്തിയാകുന്നതനുസരിച്ച് വിനിയോഗസാക്ഷ്യപത്രം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി പദ്ധതിയ്ക്ക് വേണ്ടി ആകെ ചെലവാക്കിയ 29,97,750/- രൂപാ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗസാക്ഷ്യപത്രം , ഫൈനൽബിൽ

എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അധികമായി നൽകിയ സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കേണ്ടതാണ്.

## 3-22 ഡി.ആന്റ്.ഓ ലൈൻസൻസ് ഫീസ് തിരികെ നൽകി

ഡി.ആന്റ്.ഓ ലൈസൻസ് ഫീസായി 4-8-2017 തീയതിയിലെ 117010100790 നമ്പർ രസീത് പ്രകാരം ഈടാക്കിയ 5,377/-രൂപ 2-9-17 തീയതിയിലെ 820562 നമ്പർ ചെക്ക് പ്രകാരം ശ്രീ. വിജയകുമാർ എന്നയാളിന്റെ പേർക്ക് തിരിച്ചു നൽകിയിരിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നടപടിക്രമത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നുവെന്നും പരിശോധിച്ചു ബോധ്യപ്പെട്ടു എന്നു വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി സ്ഥാപനം അനധികൃതമായി പ്രവൃത്തിക്കുകയായിരുന്നുവെന്നും ആവശ്യത്തിനു രേഖകൾ ഹാജരാക്കാഞ്ഞതിനാൽ ആണ് തുക തിരികെ നൽകിയത് എന്നും അറിയിച്ചിരുന്നു. സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനമ്പർ 14/12-7-18

## 3-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മുച്ചക്രവാഹനം പദ്ധതിയിലേക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ എന്ന പ്രോജക്ടിനായി (224/18) ബിൽ നമ്പർ 13/25-9-2017 പ്രകാരം 1,00,000/-രൂപാ നൽകിയെങ്കിലും നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിന്റെ കൈപ്പറ്റ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിലുള്ള ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചതിന്റെ വിവരങ്ങൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,25,000 | പാലിയേറ്റീവ് പരിചരണ പദ്ധതി | 1,25,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,00,000 | അംഗൻവാടി പോഷകാഹാര വിതരണം | 3,48,462 | 51,538 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു സ്കോളർഷിപ്പ്. | 75,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ബഡ്സ് റിഹാബി ലിറ്റേഷൻ സെൻറർ | - | 2,00,000 |
| ജില്ല പഞ്ചായത്ത് | 2017-18 | 3,96,000 | അംഗൻവാടി പോഷകാഹാര വിതരണം | 3,41,267 | 54,733 |
| ജില്ല പഞ്ചായത്ത് | 2017-18 | 37,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു സ്കോളർഷിപ്പ്. | 37,500 | - |
| ജില്ല പഞ്ചായത്ത് | 2017-18 | 75,000 | ബഡ്സ് റിഹാബിലിറ്റേഷൻ സെൻറർ | - | 75,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | വാർഡ്-9 മതിനൂർ ചരുവിള റോഡ് | 1,75,000 | - |

| | | | | | |
|---|---|---|---|---|---|
| | | | കോൺക്രീറ്റ്, പാർശ്വഭിത്തി നിർമ്മാണം | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | വാർഡ് 12- പൂവയ്ക്കൽമുക്ക് തെക്കോട്ട് ഒറ്റത്തെങ്ങിൽ തെക്കതിൽ റോഡ് കോൺക്രീറ്റ്, പാർശ്വഭിത്തി നിർമ്മാണം | - | 1,75,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | ലെനിൻ മന്ദിരം പള്ളി പടിഞ്ഞാറ്റതിൻ റോഡ് കോൺക്രീറ്റ് | 1,75,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | പാലിന് സബ്സിഡി | 3,00,000 | - |
| ജില്ല പഞ്ചായത്ത് | 2017-18 | 1,20,000 | പാലിന് സബ്സിഡി | 1,20,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം./ | മുൻകൂർനൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻബാക്കി യുള്ളതുക |
|---|---|---|---|---|---|
| അസി സ്റ്റന്റ് എഞ്ചി നീയർ എൽ.എസ്. ജി.ഡി, | ടാർ വാങ്ങൽ | 21700122/ 29-5-17 | 55,388 | 55,388 | 0 |

| | | | | | |
|---|---|---|---|---|---|
| പനയം | | | | | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 11/ 25-9-17 | 3,80,000 | 0 | 380000 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നമ്പർ-13 | 1. 31/ 30-1-18 2. 32/ 27-2-18 340/ 9-3-17 | 1. 10,00,000 2. 10,00,000 3. 617750 | 0 | 2617750 |
| KSEB | പ്രോജക്റ്റ് നമ്പർ. 4 പോസ്റ്റ് ഷിഫ്റ്റിംഗ് | 51700042/ 18-4-17 | 80874 15840 | 0 | 80874 15840 |
| | സ്പിൽ ഓവർ | 51700042/ 18-4-17 | 30240 | 0 | 30240 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 2(5) | 37,347 | നീതി മെഡിക്കൽ സ്റ്റോർ | 117010500002 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-10 | 2011-12 | 3.3.5 | അംഗൻവാടി കെട്ടിടം ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് | നിയമസഭാ സമിതിയുടെ പരിഗണന യിലാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,92,24,358 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,40,05,183 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,17,784 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,63,890 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-4 | 1,050 | | ശ്രീ.സുനീഷ്കുമാർ, സെക്രട്ടറി |
| 3-1 | | 26,268 | ശ്രീ.പ്രവീൺ.പി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 2,142 | ശ്രീ.പ്രവീൺ.പി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 11,295 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |
| 3-12 | | 43,250 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |
| 3-14 | | 4,452 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |
| 3-18 | | 10,000 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |
| 3-20 | | 15,000 | ശ്രീമതി.ഗിരിജാ ദേവി . ആർ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-22 | | 5,377 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 57,671 | ശ്രീ.സുനീഷ് കുമാർ സെക്രട്ടറി |
| 3-4 | 4,500 | ഡോ.മിനി.വി.ആർ, വെറ്റിനറി സർജൻ |

| | | |
|---|---|---|
| 3-10 | 14,856 | ശ്രീ.സുനീഷ് കുമാർ സെക്രട്ടറി |
| 3-15 | 48,700 | ശ്രീമതി.പ്രമീള, ഹെഡ്മിസ്ട്രസ്സ് |
| 3-16 | 3,57,400 | ഡോ.നിഷ. പി.ഹരി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-17 | 1,83,013 | ഡോ.അനിത.ഒ മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-21 | 29,97,750 | ശ്രീ. സുനീഷ് കുമാർ സെക്രട്ടറി |
| 3-23 | 1,00,000 | ശ്രീ. സുനീഷ് കുമാർ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനീഷ് കുമാർ സെക്രട്ടറി | സെക്രട്ടറി, | സുനീഷ്ഭവനം , |

| | | |
|---|---|---|
| | പനയം ഗ്രാമപഞ്ചായത്ത് | പെരുമൺ. പി.ഓ., കൊല്ലം-691582 |
| ഡോ.മിനി. വി. ആർ വെറ്റിനറി സർജൻ | വെറ്റിനറി സർജൻ പനയം ഗ്രാമപഞ്ചായത്ത് | അരുണിമ, മങ്ങാട് പി. ഓ. കൊല്ലം |
| ശ്രീമതി.പ്രമീള. കെ.വി ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് പനയം ഗ്രാമപഞ്ചായത്ത് | സരോവരം, ദേവി നഗർ -6, തട്ടാമല പി.ഓ. |
| ശ്രീമതി.ഗിരിജാ ദേവി. ആർ ഐ.സി.ഡി.എസ് | ഐ.സി.ഡി.എസ് പനയം ഗ്രാമപഞ്ചായത്ത് | പുത്തൻ വീട്ടിൽ കിഴക്കതിൽ നീരാവിൽ, പെരിനാട്. പി.ഓ കൊല്ലം |
| ശ്രീ.പ്രവീൺ പി. കൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പനയം ഗ്രാമപഞ്ചായത്ത് | മഠത്തിൽ വീട് , കല്ലുംതാഴം പി. ഓ കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | ൻതീർപ്പാക്കാ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽഎം. പി4-366/2018 ,28-02-2018 | 4 |
| 2003-04& 2004-05 | കെ.എസ്.എ.കെ.എൽഎം. പി4-588/2018 ,12.04.2018 | 1 |
| 2007-08 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 2 |
| 2008-09 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 1 |
| 2009-10 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 2 |
| 2010-11 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 3 |
| 2011-12 | എൽ.എഫ്.ക്യൂ പി6-870/14/07.10.14 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി6-1248/14/10.03.15 | 11 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി6-40/16/30.05.16 | 10 |

| | | |
|---|---|---|
| 2014-15 | കെ.എസ്എ.കെഎൽ എം.പി6-1144/16/13.07.16 | 19 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി6-1144/16/13.07.16 | 14 |
| 2016-17 | കെ.എസ്എ.കെഎൽ എം.പി4-1073/17,24.04.2018 | 10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ. കെ.എൽ.എം - പി4-1393/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി – 07.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പനയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം